**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1707** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൃഷിവകുപ്പ് മുഖേന നടത്തുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പെരുമ്പാവൂർ മണ്ഡലത്തിലെ വേങ്ങൂർ പഞ്ചായത്തിലെ പോങ്ങൻ ചോട് ആദിവാസി കുടിയിൽ കൃഷിവകുപ്പ് മുഖേന നടത്തുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ; | (എ) | 2023-24 വർഷം കൃഷി വകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി പോങ്ങൻചോട് ആദിവാസി കുടിയിലെ 60 കുടുംബങ്ങൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. 2022-23 വർഷം കൃഷിഭവൻ മുഖേന ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി 1,17,000 രൂപയുടെ (ഒരു ലക്ഷത്തി പതിനേഴായിരം രൂപമാത്രം) തൈകൾ (117 കുറ്റികുരുമുളക് തൈകളും 2340 ഗ്രാഫ്റ്റ് ജാതി തൈകളും) ആദിവാസി കുടിയിൽ വിതരണം ചെയ്യുകയുണ്ടായി. |
| (ബി) | ഓടക്കാലി സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ പുനരുദ്ധാരണത്തിന് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ഓടക്കാലി സുഗന്ധ വിള ഗവേഷണ കേന്ദ്രത്തിന്റെ വികസനത്തിനായി MLA ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള 50 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ കേരള കർഷിക സർവകലാശാല തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | പെരുമ്പാവൂരിൽ കാർഷിക വിജ്ഞാനകേന്ദ്രവും വിപണന കേന്ദ്രവും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് കോംമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന പെരുമ്പാവൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് കേന്ദ്രീകരിച്ച് 2021 മുതൽ ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രം പ്രവർത്തിച്ചു വരുന്നു.<br><br>പെരുമ്പാവൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് സ്ഥിതിചെയ്യുന്ന കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പെരുമ്പാവൂർ ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ഒരു കാർഷിക വിപണന കേന്ദ്രം 27.01.2023 ൽ ആരംഭിക്കുകയും എല്ലാ വെള്ളിയാഴ്ചകളിലും പഴം പച്ചക്കറി മാർക്കറ്റ് സജീവമായി പ്രവർത്തിക്കുകയും ചെയ്തു വരുന്നു. മുടക്കുഴ പഞ്ചായത്തിൽ തുക്കേപ്പടിയിൽ ഹാഡ മാർക്കറ്റ് 2016 മുതൽ സജീവമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ രായമംഗലം പഞ്ചായത്തിൽ കീഴില്ലം, കൂവപ്പടി പഞ്ചായത്തിൽ മാവേലിപ്പടി എന്നീ സ്ഥലങ്ങളിൽ ഇക്കോഷോപ്പുകളും പെരുമ്പാവൂർ |

| | | | |
|---|---|---|---|
| | | | ബ്ലോക്കിലെ 6 പഞ്ചായത്തുകളിലും ആഴ്ച ചന്തകളും പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ പെരുമ്പാവൂർ അർബൻ വീക്കിലി മാർക്കറ്റും സജീവമായി പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ, കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള പെരുമ്പാവൂർ അശമന്നൂർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന AMPRS (Aromatic & Medicinal Plants Research Station), ഓടക്കാലി കേന്ദ്രത്തോടനുബന്ധിച്ചു ഒരു വിജ്ഞാന വിപണന കേന്ദ്രം നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ കേന്ദ്രം വഴി പെരുമ്പാവൂരിലെ കർഷകരിലേക്ക് ആവശ്യമായ കൃഷി അറിവുകളും കാർഷിക സാങ്കേതിക വിദ്യയും വിത്തും നടീൽ വസ്തുക്കളും സർവകലാശാലയുടെ മൂല്യ വർദ്ധിത വസ്തുക്കളും എത്തിച്ചു വരുന്നു. ഇത് കൂടാതെ കൃഷി വകുപ്പിനു കീഴിൽ പെരുമ്പാവൂരിൽ പ്രവർത്തിക്കുന്ന AFO ഓഫീസ് മുഖേനയുള്ള കാർഷിക സാങ്കേതിക വിദ്യാ പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്താനായി കാർഷിക സർവകലാശാലയുടെ വിജ്ഞാനവ്യാപന വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ നോഡൽ ഓഫീസറായി ഒരു ശാസ്ത്രജ്ഞനെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ